(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) കേരളത്തിലെ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെയും ജോയിന്റ് ആർ.ടി. ഓഫീസുകളുടെയും പരിധിയിലുള്ള പ്രത്യേകം കേന്ദ്രങ്ങളിൽ വച്ച് ലേണേഴ്സ് ടെസ്റ്റിനുള്ള എഴുത്ത് പരീക്ഷ നടത്തുന്നുണ്ട്.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

റീജിയണൽ വർക്ക്ഷാപ്പ്

120 (1175) ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശാലയിൽ 1984-ൽ ആരംഭിച്ച റീജിയണൽ വർക്ക് ഷാപ്പിന്റെ പണി സ്തംഭനാവസ്ഥയിലാണെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കെ.എസ്.ആർ.ടി.സി. പൊന്നും വിലയ്ക്ക് എടുത്ത 8 ഏക്കർ 50 സെന്റ് സ്ഥലം സംരക്ഷിക്കാത്തതു കാരണം ഇന്നു സാമൂഹ്യവിരുദ്ധരുടെ വിഹാരരംഗമായി മാറിയിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കെ.എസ്.ആർ.ടി.സി. റീജിയണൽ വർക്ക് ഷാപ്പിന്റെ പണി ഉടൻ ആരംഭിക്കുന്നതിനുവേണ്ട സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പാറശാലയിൽ കെ.എസ്.ആർ.ടി.സി.യുടെ കൈവശമുള്ള സ്ഥലത്തു 160 ലക്ഷം രൂപ മതിപ്പു ചെലവുള്ള ഒരു റീജിയണൽ വർക്കുഷാപ്പു സ്ഥാപിക്കുന്നതിനു കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാന ആസൂത്രണബോർഡിന്റെ അംഗീകാരത്തിനു വിധേയമായി ത്രിതല പഞ്ചായത്തുകൾവഴി ഇതിനാവശ്യമായ ധനം സമാഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കേരളാ സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിന്റെ ചങ്ങനാശ്ശേരിയിലെ റീജിയണൽ ഓഫീസ്

121 (1176) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിന്റെ ചങ്ങനാശ്ശേരിയിലെ റീജിയണൽ ഓഫീസിന് ആവശ്യമായ കെട്ടിട സൗകര്യമില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഓഫീസിനുവേണ്ടി പുതിയൊരു കെട്ടിടം നിർമ്മിക്കുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(സി) ഈ നിർമ്മാണത്തിന് എന്ത് ചെലവ് വരും ;

(ഡി) എന്നത്തേയ്ക്ക് ഈ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുവാൻ സാധിക്കും ?

ഉത്തരം

(എ) ഉണ്ട്. ഇപ്പോൾ ജലഗതാഗത വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ താല്ക്കാലിക ക്രമീകരണങ്ങൾ നടത്തിയാണ് മേഖല ഓഫീസ് പ്രവർത്തിക്കുന്നത്.

(ബി) ഉണ്ട്.

(സി) 5.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് ഇപ്പോൾ ലഭിച്ചിട്ടുള്ളത്.

(ഡി) കെട്ടിടനിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. ഭരണാനുമതി ആകുന്ന മുറയ്ക്ക് കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കാവുന്നതാണ്.

കൊല്ലം- മൺട്രോത്തുരുത്ത് ബോട്ട് സർവ്വീസിലൂടെ ലഭിച്ചിരുന്ന പ്രതിമാസ വരുമാനം

122 (1177) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം-മൺട്രോത്തുരുത്ത് ബോട്ട് സർവ്വീസിലൂടെ ലഭിച്ചിരുന്ന പ്രതിമാസ വരുമാനം എത്ര രൂപയായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രതിദിനം ഈ ബോട്ടിലൂടെ ശരാശരി എത്രപേർ യാത്ര ചെയ്തിരുന്നു ;

(സി) മുടക്കം കൂടാതെ ഈ ബോട്ട് സർവ്വീസ് നടത്തുവാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 28,600 രൂപ

(ബി) 468 പേർ.

(സി) 13-10-1999 വരെ കഴിവതും മുടക്കം കൂടാതെ സർവ്വീസ് നടത്തി വരികയായിരുന്നു. ഇപ്പോൾ റിപ്പയറിനായി ബോട്ട് ഡ്രൈഡോക്ക് ചെയ്തിരിക്കുകയാണ്. ബോട്ട് ലഭിച്ചാലുടൻ സർവ്വീസ് പുനരാരംഭിച്ച് മുടക്കം കൂടാതെ നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly